# ‘കാര്യം ക്ഷണത്തിൽ’

## 2 ദിനവൃത്താന്തം 29:36

**“ദൈവം ജനത്തിന്നു ഒരുക്കിക്കൊടുത്തതിൽ യെഹിസ്കീയാവും സകലജനവും സന്തോഷിച്ചു; കാര്യം ക്ഷണത്തിലല്ലോ നടന്നതു”.**

‘കാര്യം ക്ഷണത്തിലല്ലോ നടന്നതു’.

യരുശലേം ദൈവാലയത്തിലെ ആരാധന മുടങ്ങി ജനം യഹോവയിൽനിന്ന് അകന്നിരിക്കുന്നതു കണ്ടപ്പോൾ യെഹിസ്ക്കീയാവു രാജാവ് ദൈവാലയത്തിലെ ആരാധന യഥാസ്ഥാനത്താക്കുന്നതാണ് 29–ാം അദ്ധ്യായത്തിൽ നാം കാണുന്നത്. ആരാധന യഥാ സ്ഥാനത്തായപ്പോൾ രാജാവും ജനവും സന്തോഷിച്ചു, അവിടെ പറയുന്നത് കാര്യം ക്ഷണത്തിലല്ലോ നടന്നത്.

ദൈവം കാര്യങ്ങൾ ക്ഷണത്തിൽ നടത്തിത്തരണമെങ്കിൽ ചില കാര്യങ്ങൾ നാം ചെയ്യേണ്ട തായിട്ടുണ്ട്. ഒന്നാമതായിട്ട് ആരാധന മുടങ്ങിക്കിടക്കുന്നതിലുള്ള വേദന നമ്മുടെ ഹൃദയ ത്തിലുണ്ടാവണം. നാം തന്നെയല്ല, സമൂഹത്തിലുള്ളവർ ദൈവത്തിൽനിന്ന് അകന്നു ജീവിക്കുന്നതു കാണുമ്പോഴുള്ള ഒരു ഹൃദയഭാരം നമുക്കുണ്ടാകണം. ദൈവത്തോടു അടുക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കണം. അതിനായി നമ്മുടെ ഹൃദയവാതിലുകൾ തുറക്കണം. നാം ആകുന്ന ആലയത്തിന്റെ വാതിലുകൾ തുറന്ന് അറ്റകുറ്റപ്പണി തീർക്കണം **(2ദിന.29:3).**

പിന്നീടു നടത്തേണ്ടത് ഒരുവലിയ ശുദ്ധീകരണമാണ്. ഇവിടെ നാം വായിക്കുന്നത് അവർ തങ്ങളെയും ദൈവാലയത്തെയും ശുദ്ധീകരിച്ചെന്നാണ്. പുരോഹിതന്മാർ ദൈവാലയ ത്തിന്റെ ഉള്ളിൽ കടന്നുചെന്ന് സകല അശുദ്ധിയും പുറത്തു കൊണ്ടുവന്നു. ലേവ്യർ അതു വാങ്ങി കിദ്രോൻ തോട്ടിൽ എറിഞ്ഞുകളഞ്ഞു **(2ദിന.29:15).** അതേ, ദൈവത്തോടു ചേർന്നി രിക്കണമെങ്കിൽ, ദൈവത്തോടുള്ള ബന്ധത്തിലും തമ്മിൽത്തമ്മിലുള്ള ബന്ധത്തിലും വന്നു പോയിട്ടുള്ള തെറ്റുകളെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കണം. “നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു” **(1യോഹ. 1:9).** യഹോവ യുടെ ആലയത്തിൽ കണ്ട മലിനതയൊക്കെയും ലേവ്യർ കിദ്രോൻ തോട്ടിൽ എറിഞ്ഞുകള ഞ്ഞതുപോലെ നമ്മുടെ പാപങ്ങളെ നാം ഏറ്റുപറയുന്നുവെങ്കിൽ ദൈവം അത് സമുദ്ര ത്തിന്റെ ആഴങ്ങളിൽ ഇട്ടുകളയും **(മീഖാ. 7:19).** യഹോവയ്ക്കു തുല്യനായ വേറൊരു ദൈവം ഇല്ല. അവൻ, തന്റെ ജനം പാപത്തെക്കുറിച്ചു അനുതപിക്കുമ്പോൾ അകൃത്യങ്ങളെ

ചവിട്ടിക്കളയുകയും ക്ഷമിക്കുകയും ചെയ്യുന്നവനാണ്, അതിക്രമം മോചിക്കുന്നവനാണ്. അനുതപിക്കുന്നവരോട് അനുകമ്പയുള്ളവനാണ്, കരുണയുള്ളവനാണ്. വ്യക്തികളിൽ മാത്രമല്ല ഈ ശുദ്ധീകരണം നടക്കേണ്ടത്, വിശ്വാസികൾ കൂടിവരുന്ന സമൂഹങ്ങളിലും ശുദ്ധീകരണത്തിന്റെ അനുഭവം ഉണ്ടാകണം. അവന്റെ രക്തത്താൽ ഒരു കഴുകൽ ആവശ്യമാണ്.

മൂന്നാമതായി ദൈവത്തിനു യാഗം കഴിക്കണം. ദൈവമുമ്പാകെ നമ്മെത്തന്നെ സമർപ്പിച്ചു സ്തോത്രയാഗം അർപ്പിക്കണം. കൈത്താളങ്ങളോടും വീണകളോടും കിന്നരങ്ങളോടും യഹോവയ്ക്കു സ്തോത്രയാഗം അർപ്പിക്കണം **(2ദിന.29:25-31)**. ദൈവത്തെ ആരാധിച്ചു സ്തുതിക്കുമ്പോഴാണു ദൈവം നമ്മിൽ പ്രസാദിക്കുന്നത്. നമ്മുടെ ദൈവമായ യഹോവ കൃപയും കരുണയും ഉള്ളവനാണ്, നാം അവന്റെ അടുക്കലേക്ക് തിരിഞ്ഞുവരുന്നു എങ്കിൽ അവൻ നമ്മെ നോക്കാതവണ്ണം മുഖം തിരിച്ചു കളയുകയില്ല **(2ദിന.30:9)**. ദൈവം നമ്മുടെ അപേക്ഷ കേൾക്കുകയും നമ്മുടെ പ്രാർത്ഥന അവന്റെ വിശുദ്ധനിവാസമായ സ്വർഗ്ഗത്തിൽ എത്തുകയും ചെയ്യും **(2ദിന.30:27)**. നമ്മുടെ ആരാധന മുടങ്ങി കിടക്കുകയാണെങ്കിൽ അതിനെ യഥാസ്ഥാനപ്പെടുത്താൻ നാമൊന്നു മനസ്സുവച്ചാൽ ദൈവം കാര്യം ക്ഷണത്തിൽ നടത്തി തരും. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**പരാമർശം :**

**1പത്രോസ് 2:10**

**മുമ്പെ നിങ്ങൾ ജനമല്ലാത്തവർ; ഇപ്പോഴോ ദൈവത്തിന്റെ ജനം; കരുണ ലഭിക്കാത്തവർ; ഇപ്പോഴോ കരുണ ലഭിച്ചവർ തന്നേ.**

**സിസ്റ്റർ ലാലി സലിം ജേക്കബ് പുതുപ്പള്ളി 004**